**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2493** **23-02-2026 - ൽ മറുപടിയ്ക്ക്**

**പുന:പരിശോധനയിലോ ഭേദഗതിയിലോ ഉള്ള സംസ്ഥാന നിയമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ പുന:പരിശോധനയിലോ ഭേദഗതിയിലോ ഉള്ള സംസ്ഥാന നിയമങ്ങൾ എതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | 1. 1077-ലെ അബ്കാരി ആക്റ്റിൽ ഭേദഗതി വരുത്തുന്നതിന് വേണ്ടിയുള്ള 2026-ലെ അബ്കാരി (ഭേദഗതി) ബിൽ (ബിൽ നം. 296)<br><br>2. 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിൽ ഭേദഗതി വരുത്തുന്നതിന് വേണ്ടിയുള്ള 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ (ബിൽ നം. 293)<br><br>3. 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിൽ ഭേദഗതി വരുത്തുന്നതിനുള്ള 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ (ബിൽ നം. 298).<br><br>സംസ്ഥാന നിയമങ്ങളുടെ പുന:പരിശോധന, ഭേദഗതി എന്നിവയ്ക്കുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് പരിശോധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുന്നത്. ഭരണവകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന അത്തരം നിയമനിർമ്മാണ നിർദ്ദേശങ്ങൾ പരിശോധിച്ച് ആയതിന് സാങ്കേതിക രൂപം നൽകലാണ് നിയമ (നിയമനിർമ്മാണ) വകുപ്പുകളുടെ ചുമതല. |
| (ബി) | കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കാൻ പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ് അതിലെ അംഗങ്ങളെന്ന് അറിയിക്കാമോ? | (ബി) | സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും, കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിനും, പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അതു സംബന്ധിച്ചുള്ള പഠനം നടത്തി ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനുമായി 09/03/2017 തീയതിയിലെ സ.ഉ.(എം.എസ്) നം. 45/2017/നിയമം സർക്കാർ ഉത്തരവ് പ്രകാരം കേരള നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളതാണ്. ജസ്റ്റിസ് (റിട്ട.) കെ.റ്റി. തോമസ് (ചെയർമാൻ), ശ്രീ. കെ. ശശിധരൻ നായർ (വൈസ് ചെയർമാൻ), ഡോ. എൻ.കെ. |

| | | | |
|---|---|---|---|
| | | | ജയകുമാർ, റിട്ടയേർഡ് ജില്ലാ ജഡ്ജിയായ ശ്രീ.കെ.ജോർജ് ഉമ്മൻ, റിട്ടയേർഡ് ജില്ലാ ജഡ്ജിയായ ശ്രീമതി. ഇന്ദിര.റ്റി എന്നിവർ കമ്മീഷനിലെ നിലവിലെ അംഗങ്ങളാണ്. |

സെക്ഷൻ ഓഫീസർ